പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1257.

12.03.2015 ൽ മറുപടിക്ക്

## റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മോൻസ് ജോസഫ് :** | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) കേരളത്തിലെ റേഷൻ കടകൾ നേരിടുന്ന പ്രശ്നങ്ങൾ തീർക്കുവാൻ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമാണ്; | (എ) റേഷൻ വ്യാപാരികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിവേദിത.പി.ഹരൻ കമ്മീഷനെ സർക്കാർ നിയോഗിക്കുകയും കമ്മീഷൻ പഠനം നടത്തി ലഭ്യമാക്കിയ റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുകയും ചെയ്യുന്നു. കൂടാതെ ഡബ്ല്യു.എഫ്.പി യുടെ നേതൃത്വത്തിലും റേഷൻകടക്കാരുടെ പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും, ലഭിച്ച റിപ്പോർട്ട് പരിശോധിച്ചു വരുകയും ചെയ്യുന്നു. |
| (ബി) റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർദ്ധിപ്പിക്കുന്നതിനും റേഷൻ കട നടത്തുന്നവർക്ക് നിശ്ചിത വേതനം ലഭ്യമാക്കുന്നതിനുമുള്ള നടപടി ആലോചനയിലുണ്ടോ; | (ബി) റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ 01.01.2015 മുതൽ ക്വിന്റലിന് പരമാവധി 100/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. റേഷൻകട നടത്തുന്നവർക്ക് നിശ്ചിത വേതനം നല്കുന്നത് സംബന്ധിച്ച നടപടി നിലവിൽ സർക്കാർ പരിഗണനയിലില്ല. |
| (സി) റേഷൻ ഡിപ്പോകളിൽ നിന്നും ഇന്റന്റ് അനുസരിച്ച് സാധനങ്ങൾ നേരിട്ട് ഷോപ്പുകളിൽ എത്തിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) റേഷൻ ഡിപ്പോകളിൽ നിന്നും ഇന്റന്റ് അനുസരിച്ച് സാധനങ്ങൾ നേരിട്ട് ഷോപ്പുകളിൽ എത്തിക്കുന്നതിനുള്ള ഡോർ ടു ഡോർ ഡെലിവറി സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) റേഷൻ വ്യാപാരികളുടെ പ്രശ്നങ്ങൾ പഠിക്കാൻ നിയമിച്ച കമ്മീഷൻ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ? ഇതിൽ എന്തു നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ? | (ഡി) ഉണ്ട്; റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ